പതിനാലാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം *222**

18/06/2018 -ൽ മറുപടിയ്ക്ക്

**സ്കൂൾ കുട്ടികളുടെ അപകട ഇൻഷുറൻസ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സി.ജോസഫ് | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ കുട്ടികൾക്ക് അപകടമരണം സംഭവിച്ചാൽ അപകട ഇൻഷുറൻസ് പദ്ധതിപ്രകാരം ലഭിക്കുന്ന ഇൻഷുറൻസ് ആനുകൂല്യം 2011-16 കാലയളവിൽ മരണപ്പെട്ട കുട്ടികളുടെ രക്ഷകർത്താക്കൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 2011-16 കാലയളവിൽ മരണപ്പെട്ട കുട്ടികളുടെ രക്ഷിതാക്കൾക്ക് യഥാസമയം ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ പ്രസ്തുത ക്ലെയിമുകൾ 2017-18 സാമ്പത്തിക വർഷം അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) അപകട ഇൻഷുറൻസ് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ്കൂൾ അധികൃതർക്ക് ലഭ്യമാക്കുമോ; | (ബി) അപകട ഇൻഷുറൻസ് സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ ഇതിനകം തന്നെ എല്ലാ സ്കൂൾ അധികൃതർക്കും നൽകിയിട്ടുണ്ട്. |
| (സി) അടുത്തകാലത്ത് പൊന്നാനിപ്പുഴയിലുണ്ടായ അപകടത്തിലും വിയ്യാവൂർ എസ്.എച്ച്.എസ്.എസിലെ കുട്ടികൾ ഉൾപ്പെട്ട തോണി അപകടത്തിലും മരണപ്പെട്ട കുട്ടികളുടെ പോസ്റ്റ്മാർട്ടം കളക്ടർമാർ ഇടപെട്ട് ഒഴിവാക്കിയതിനാൽ പോസ്റ്റ്മാർട്ടം റിപ്പോർട്ട് ഇല്ലാത്ത സാഹചര്യത്തിൽ തുക നൽകുന്നതിന് ഇൻഷുറൻസ് കമ്പനി | (സി) സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷുറൻസ് പദ്ധതി പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് നടത്തുന്നത്. 30.09.2016 ലെ സർക്കാർ ഉത്തരവ് (എം എസ്) 163/16/പൊവിവ പ്രകാരം ഇൻഷുറൻസ് കമ്പനികളെ ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ അർഹതപ്പെട്ട കുട്ടികൾക്ക് ക്ലെയിം ലഭിക്കുന്നതിന് |

| | |
|---|---|
| തയ്യാറാകുന്നില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിദ്യാഭ്യാസ വകുപ്പ് മുൻകയ്യെടുത്ത് ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ പകർപ്പ് സമർപ്പിക്കേണ്ട ആവശ്യകതയില്ല. |

സെക്ഷൻ ഓഫീസർ